ആർ ബി ഐ /2004/19
ഡി.സി.എം(എൻ.എഫ്) നമ്പർ: 310/08.07.18/2003-04

ജനുവരി 19, 2004

ചെയർമാൻ എസ് ബി ഐ
ഉറപ്പേറിയ കറൻസിപ്പെട്ടി സംവിധാനമുള്ള ശാഖകളുടെ
ചെയർമാനും മാനേജിംഗ് ഡയറക്ടർമാരും

സർ,

**<u>പൊതുജനങ്ങൾക്ക് കറൻസിനോട്ടുകളും നാണയങ്ങളും മാറ്റി കിട്ടുന്നതിനുള്ള സൗകര്യങ്ങൾ</u>**

പൊതുജനങ്ങൾക്ക് കറൻസിനോട്ടുകളും നാണയങ്ങളും വിതരണം ചെയ്യുന്നതിനും അവയുടെ കൈമാറ്റത്തിനുമായി ഭാരതീയ റിസർവ് ബാങ്ക് സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന കാര്യം താങ്കൾക്ക് അറിവ് ഉള്ളതാണല്ലോ. എല്ലാ വിഭാഗത്തിലുമുള്ള പുത്തൻ കറൻസിനോട്ടുകളും നാണയങ്ങളും വിതരണം നടത്തുന്നതിനും മുഷിഞ്ഞതോ കീറിയതോ വികലമായതോ അയവ മാറ്റി നൽകുന്നതിനുമുള്ള സംവിധാനം ഞങ്ങളുടെ മേഖലാ ഓഫീസുകളിൽ നിലവിലുണ്ട്. ഇത്തരം സേവനങ്ങൾ വിപുലീകരിക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾക്കും, സ്വകാര്യമേഖലാ ബാങ്കുകൾക്കും, ചില വിദേശബാങ്കുകൾക്കും കൂടുതലായി കറൻസി ചെസ്റ്റുകളും നാണയഡിപ്പോകളും ആരംഭിക്കുവാൻ ഞങ്ങൾ അനുവാദം നൽകിയിട്ടുണ്ട്. പൊതുമേഖലാ ബാങ്കുകൾക്കും മറ്റ് ബാങ്കുകളുടെ കറൻസി ചെസ്റ്റുകളുള്ള ശാഖകൾക്കും ആർ.ബി.ഐ നോട്ട് റീഫണ്ട് നിയമപ്രകാരം കീറിയതും വികലമാക്കപ്പെട്ടതുമായ കറൻസി നോട്ടുകൾ മാറ്റിക്കൊടുക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഞങ്ങൾ അനുവദിച്ചിട്ടുണ്ട്.

2. പുത്തൻ കറൻസിനോട്ടുകളും നാണയങ്ങളും കറൻസി ചെസ്റ്റുകളിൽ യഥേഷ്ടം ലഭ്യമാക്കാനും കറൻസി ചെസ്റ്റുകളില്ലാത്ത ബാങ്കിന്റെ ശാഖകൾക്ക് അവ എത്തിക്കാനും അടുത്തകാലത്തായി ഒട്ടേറെ നടപടികൾ ക്രമീകരിച്ചിട്ടുണ്ട്. കറൻസി ചെസ്റ്റുകളിൽ നിന്നും മുഷിഞ്ഞ നോട്ടുകൾ മാറ്റുന്നതിനും അവ പരിഷ്കരിച്ച സുരക്ഷാക്രമീകരണങ്ങളുടെ കീഴിൽ കറൻസി വെരിഫിക്കേഷൻ ആന്റ് പ്രോസസ്സിംഗ് സമ്പ്രദായം വഴി ഫലപ്രദമായി നശിപ്പിക്കുന്നതിനുള്ള സംവിധാനവും നടപ്പിൽ വരുത്തിയിട്ടുണ്ട് .

3. ഉപഭോക്തൃസേവനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി:
(a) എല്ലാ വിഭാഗത്തിലും പെടുന്ന ഗുണനിലവാരമുള്ള പുത്തൻ കറൻസി നോട്ടുകൾ/നാണയങ്ങൾ ആവശ്യാനുസരണം പൊതുജനങ്ങൾക്ക് എത്തിക്കുക.
(b) മുഷിഞ്ഞ കറൻസി നോട്ടുകൾ മാറ്റിക്കൊടുക്കുക.

(c) കീറിയതും വികലമാക്കപ്പെട്ടതുമായ കറൻസി നോട്ടുകളിൻമേൽ തീർപ്പുകൽപ്പിക്കുക.

(d) ഇടപാടുകൾക്കുവേണ്ടിയും കൈമാറ്റത്തിനായും കറൻസിനോട്ടുകളും നാണയങ്ങളും സ്വീകരിക്കുക എന്നീ സേവനങ്ങൾ രാജ്യത്തെമ്പാടുമുള്ള കറൻസി ചെസ്റ്റുകളുള്ള ബാങ്കുകുളുടെ എല്ലാ ശാഖകളും ഉത്സാഹത്തോടെയും ഉണർവോടെയും പ്രാവർത്തികമാക്കി, പൊതുജനങ്ങൾക്ക് ഇതിനായി റിസർവ് ബാങ്കിന്റെ മേഖലാ ഓഫീസുകളെ സമീപിക്കേണ്ട സാഹചരം ഒഴിവാക്കേണ്ടതണ്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി താങ്കളുടെ ബാങ്കിന്റെ ശാഖകളിൽ ഈ സൗകര്യങ്ങളുടെ ലഭ്യതയെക്കുറിച്ച് പരസ്യപ്പെടുത്തുവാൻ താൽപര്യപ്പെടുന്നു.

.

4. കത്ത് കിട്ടിയ വിവരം അറിയിക്കുക

വിശ്വസ്തതയോടെ,

പി.കെ.ബിശ്വാസ്